I ഇ.ബി. XI-കേരള നിയമസഭ/V13

## പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2003 ഫെബ്രുവരി 24, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### അടിയന്തിര പ്രമേയം

കണ്ണൂർ ജില്ലയിലെ ആറളം പഞ്ചായത്തിലെ ആദിവാസി കോളനികളിൽ പോലീസ് നടത്തിയതായി പറയപ്പെടുന്ന അതിക്രമം.

**മി. സ്പീക്കർ:** കണ്ണൂർ ജില്ലയിലെ ആറളം പഞ്ചായത്തിൽപ്പെട്ട കളരിക്കാട്, വീർപ്പാട്, പുതിയങ്ങാടി, ചക്കായത്തോട്, കൈതക്കൊല്ലി എന്നീ ആദിവാസി കോളനികളിൽ 21.2.03-ന് ഒരുകൂട്ടം പോലീസുകാർ കടന്നുചെന്ന് വീടുകൾ തകർക്കുകയും വീട്ടുപകരണങ്ങൾ നശിപ്പിക്കുകയും നിരവധി സ്ത്രീകളെയും കുട്ടികളേയും വൃദ്ധന്മാരെയും മൃഗീയമായി ആക്രമിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തതായി പറയപ്പെടുന്ന സംഭവങ്ങളെത്തുടർന്ന് അവിടെ ഉളവായിട്ടുള്ള ഗുരുതരമായ

സ്ഥിതി വിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ എം.വി.ജയരാജൻ, കെ.പി.രാജേന്ദ്രൻ, കോവൂർ കുഞ്ഞുമോൻ, പി.ജയരാജൻ. ടി.കെ.ബാലൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

**മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി)**: വയനാട് മുത്തങ്ങ വന്യജീവി സംരക്ഷണ കേന്ദ്രത്തിൽ കടന്നുകയറി ഭൂമി കൈയ്യടക്കിയ ആദിവാസി സമരക്കാരെ ഒഴിപ്പിക്കണമെന്ന് ഫോറസ്റ്റ് അധികാരികളും കേന്ദ്രഗവൺമെന്റും ആവശ്യപ്പെട്ടു. അതുപ്രകാരം മുത്തങ്ങ വനമേഖലയിലെത്തിയ പോലീസുകാർക്കു നേരെ ആദിവാസി സമരക്കാർ അക്രമം അഴിച്ചുവിടുകയും ഒരു പോലീസുകാരനേയും വനപാലകനേയും ബന്ധികളാക്കുകയും ബന്ധിയാക്കിയ പോലീസുകാരനെ വെട്ടി കൊലപ്പെടുത്തുകയും ചെയ്തു. അതേത്തുടർന്ന് നടന്ന പോലീസ് വെടിവെയ്പ്പിൽ ഒരു ആദിവാസി മരിച്ചതിൽ പ്രതിഷേധിച്ച് ആദിവാസി സമരക്കാരും വിപ്ളവ സംഘടനകളും 20.2.03–ന് സംസ്ഥാനത്ത് ഹർത്താലിന് ആഹ്വാനം ചെയ്തു. അതേദിവസം ആദിവാസി കോളനികൾ പലതും കേന്ദ്രീകരിച്ച് അക്രമങ്ങൾ നടത്തുമെന്നും മുത്തങ്ങ സംഭവത്തിൽ പങ്കെടുത്ത അക്രമികൾ ഇത്തരം കോളനികളിൽ ഒളിച്ച് താമസിക്കാൻ ഇടയുണ്ടെന്നും വിവരം ലഭിച്ചിരുന്നു. ഹർത്താലിനോടനുബന്ധിച്ച് കീഴ്പ്പള്ളി ടൗണിനടുത്തുവച്ച് ഹർത്താൽ അനുകൂലികൾ സംഘം ചേർന്ന് ഒരു കെ.എസ്.ആർ.ടി.സി. ബസ് ആക്രമിക്കാൻ ശ്രമിക്കുകയും ആറളം ഫാമിൽ പ്രവേശിച്ച് ആദിവാസിത്തൊഴിലാളികളെ തടഞ്ഞ് അവരെ സംഘടിപ്പിച്ച് അക്രമ പ്രവർത്തനങ്ങൾക്ക് തയ്യാറെടുക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു. അനിഷ്ടസംഭവങ്ങൾ ഒഴിവാക്കു ന്നതിന് ആറളം ഫാമിനുള്ളിലും പരിസരത്തുള്ള കളരിക്കാട്, ചക്കായത്തോട്,

കൈതക്കൊല്ലി തുടങ്ങിയ കോളനികളിലും അക്രമങ്ങൾക്ക് പ്രേരണ നൽകിയവർ ഒളിച്ചിരിക്കുന്നുണ്ടോയെന്ന് പോലീസ് പരിശോധിക്കുകയും കരുതൽ നടപടിയായി 39 പേരെ അറസ്റ്റ് ചെയ്യുകയും പിന്നീട് വിട്ടയയ്ക്കുകയും ചെയ്തു. ആദിവാസി സ്ത്രീകളെ മർദ്ദിക്കുകയോ വീട്ടുപകരണ ങ്ങൾ നശിപ്പിക്കുകയോ ചെയ്തിട്ടില്ല. വിപ്ളവ സംഘടനകൾ ആദിവാസികളെ സംഘടിപ്പിച്ച് ആറളം ഫാം കൈയ്യേറുമെന്ന് പ്രഖ്യപിച്ചിട്ടുള്ളതിനാൽ മുൻകരുതൽ എന്ന നിലയിലുള്ള പരിശോധനകളും അറസ്റ്റുകളും മാത്രമേ നടന്നിട്ടുള്ളു. അതിക്രമങ്ങൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും ഗവൺമെന്റ് ശക്തമായി നേരിടും. ഒരു പോലീസുകാരൻ കൊല്ലപ്പെടുകയും നിരവധി പോലീസുകാരും ഫോറസ്റ്റ് ഉദ്യോഗസ്ഥരും ഗുരുതരമായി പരിക്ക് പറ്റി ആശുപത്രിയിലാവുകയും ചെയ്തു. ഇത്തരം പ്രശ്നങ്ങൾ ഗവൺമെന്റിന് നേരിടാതിരിക്കാൻ നിവൃത്തിയില്ല. മാനുഷിക പ്രശ്നങ്ങളെ മാനുഷിക പ്രശ്നങ്ങളായും സായുധ സമരങ്ങളേയും അക്രമങ്ങളേയും ആ രീതിയിലും ഗവൺമെന്റിന് ശക്തമായി കൈകാര്യം ചെയ്യേണ്ടിവരും. മുത്തങ്ങ സംഭവത്തിന്റെ പേരിൽ ആദിവാസികളെ പീഡിപ്പിക്കാൻ ഗവൺമെന്റ് ആരേയും അനുവദിക്കുകയില്ല.

**<u>ശ്രീ. എം.വി. ജയരാജൻ:</u>** കണ്ണൂർ ജില്ലയിലെ ആദിവാസികോളനികളിൽ പോലീസ് ക്രിമിനലുകളായി മാറുകയാണ് ചെയ്തത്. മുത്തങ്ങയിലെ അക്രമസംഭവങ്ങൾക്ക് നേതൃത്വം കൊടുത്ത പോലീസുകാരുടെ പേരിൽ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. മുത്തങ്ങ സംഭവത്തിന്റെ പേരിൽ കണ്ണൂർ ജില്ലയിലെ ആദിവാസി കോളനികളിൽ ഒരു കൂട്ടം പോലീസുകാർ

ക്രൂരമായ അതിക്രമങ്ങളാണ് നടത്തിയത്. വൃദ്ധരും സ്ത്രീകളും കുട്ടികളുമടക്കം 51 ആദിവാസികളെ പോലീസ് കസ്റ്റഡിയിൽ വയ്ക്കുകയും ക്രൂരമായി മർദ്ദിക്കുകയും അവരുടെ പേരിൽ കള്ളക്കേസ് എടുക്കുകയും ചെയ്തു. അതുപോലെ ചങ്കായത്തോട് കോളനിയിലെ അയ്യപ്പൻമഠത്തിൽ കയറി നാശനഷ്ടം ഉണ്ടാക്കുകയും കുട്ടികളുടെ പുസ്തകങ്ങൾ തീയിടുകയും ചെയ്തു. ആദിവാസികളെ കൊലക്കളത്തിലേക്ക് നയിച്ച തീവ്രവാദികളെ ഒറ്റപ്പെടുത്തുകയും അവരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യണം. ആദിവാസികളെ ക്രൂരമായി പീഡിപ്പിക്കുന്നതിൽ പ്രതിഷേധിച്ച് ഇന്ന് ആദിവാസികൾ കീഴ്പ്പള്ളി പോലീസ് സ്റ്റേഷനിലേക്ക് മാർച്ച് സംഘടിപ്പിച്ചിരിക്കുകയാണ്. അവർക്ക് ജോലിക്ക് പോകാൻ സാധിക്കാത്തതിനാൽ സൗജന്യറേഷൻ നൽകണം. ആദിവാസികളുടെ സ്ഥിതി വളരെ ദയനീയമാണ്. അത്യന്തം ഭീതിജനകമായ സ്ഥിതിവിശേഷമാണ് അവിടെയുള്ളത്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

**മുഖ്യമന്ത്രി <u>(ശ്രീ. എ. കെ. ആന്റണി)</u>**: കേരളത്തിൽ ആദിവാസി പ്രശ്നങ്ങൾ ഉണ്ടായതും രൂക്ഷമായതും യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണെന്നുള്ള രീതിയിൽ വസ്തുതകൾ മറച്ചുപിടിച്ചുകൊണ്ടുള്ള പ്രസംഗമാണ് ശ്രീ. ജയരാജൻ ഇവിടെ നടത്തിയത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറാണ് നേരത്തേയുണ്ടായിരുന്ന ഭൂപരിഷ്ക്കരണ നിയമം ഭേദഗതി ചെയ്തത്. 1997 ഒക്ടോബറിൽ കേരളത്തിലെ 72,000 ആദിവാസികൾക്ക് കൈവശരേഖ കൊടുത്ത് പ്രശ്നം പരിഹരിച്ചു എന്ന നിങ്ങളുടെ പ്രഖ്യാപനം വാസ്തവമായിരുന്നുവെങ്കിൽ ഇപ്പോൾ ഈ സംഭവവികാസങ്ങൾ ഉണ്ടാകുമായിരുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ആദിവാസികളെ

വഞ്ചിക്കുകയാണ് ചെയ്തത്. യു.ഡി.എഫ് സർക്കാർ ഒരു വർഷത്തിനുള്ളിൽ 1747.82 ഏക്കർ ഭൂമി വിവിധ ജില്ലകളിലായി ആദിവാസികൾക്ക് വിതരണം ചെയ്യുകയും ആറ് കോടിയോളം രൂപ കൃഷി ച്ചെലവിനായി നൽകുകയും ചെയ്തു. കൂടാതെ 1840 ഏക്കർ ഭൂമി കണ്ടെത്തി ഘട്ടം ഘട്ടമായി വിതരണം ചെയ്തു പ്രശ്നപരിഹാരത്തിന് ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. . പ്രതിപക്ഷാംഗങ്ങൾ കൂടി ഈ കാര്യത്തിൽ സഹകരിച്ചാൽ ആറളം ഫാമിലെ 7,000 ഏക്കർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്ത് വയനാട്ടിലേയും കണ്ണൂരിലേയും ഇന്നുള്ള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാം. ആദിവാസികളോട് സ്നേഹമുണ്ടെങ്കിൽ ഇക്കാര്യ ത്തിലുള്ള നിങ്ങളുടെ എതിർപ്പ് പിൻവലിക്കണം. കണ്ണൂർ കെ.എ.പി. ബറ്റാലിയനിൽപ്പെട്ട ഒരു പോലീസുകാരനെ മുത്തങ്ങയിൽ വച്ച് മൃഗീയമായി ആദിവാസി സമരക്കാർ വെട്ടിക്കൊലപ്പെടുത്തിയിട്ടുപോലും ഗവൺമെന്റ് സംയമനം പാലിച്ചു. ആദിവാസികളെ മുൻനിറുത്തി ആരെങ്കിലും സായുധ സമരത്തിനോ അക്രമത്തിനോ പോയിട്ടുണ്ടെങ്കിൽ അതിന്റെ പേരിൽ, വർഷങ്ങളായി നീതി നിഷേധിക്കപ്പെട്ട ആദിവാസി സമൂഹത്തെ മുഴുവൻ കുറ്റക്കാരായി ചിത്രീകരിക്കുന്ന നടപടിയുണ്ടാകാൻ പാടില്ലായെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ട്. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ ത്തന്നെ സമയബന്ധിതമായി കേരളത്തിലെ ഭൂരഹിതരായ ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഗവൺമെന്റ് ശ്രമിക്കും. അവരുടെ പ്രശ്നങ്ങൾക്ക് മാനുഷികപരിഗണന നൽകി കൈകാര്യം ചെയ്യുന്നതാണ്. ആദിവാസികളെ പീഡിപ്പിക്കു വാൻ അനുവദിക്കുകയില്ല. രക്തരൂക്ഷിതമായ സമരങ്ങൾ ഗവൺമെന്റ് അനുവദിക്കുകയില്ല. ഇക്കഴിഞ്ഞ നാലഞ്ച് ദിവസങ്ങൾക്കുള്ളിൽ വിവിധ

തരത്തിലുള്ള പത്രവാർത്തകൾ വരാനിടയായി. ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടാകുന്ന അവസരത്തിൽ എല്ലാവരും സംയമനം പാലിക്കണം. ആദിവാസികളുടെ ഇടയിൽ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന സമീപനം ശരിയല്ല. കഴിഞ്ഞ 20 മാസത്തിനുള്ളിൽ ഈ ഗവൺമെന്റ് ആദിവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാര മുണ്ടാക്കാൻ ശ്രമിക്കുകയും ചരിത്രത്തിലാദ്യമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന 300 ആദിവാസികളെ ഫോറസ്റ്റ് ഗാർഡുമാരായി നിയമിക്കുകയും ചെയ്തു. വയനാടിനെ ഒരു സ്വയംഭരണ പ്രദേശമായി മാറ്റാനുള്ള നടപടികൾക്ക് നേതൃത്വം കൊടുക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കും. ഈ പ്രശ്നം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

**<u>മി. സ്പീക്കർ</u>**: പാവപ്പെട്ട ആദിവാസികളെ തെറ്റിദ്ധരിപ്പിച്ച്, അതിന് നേതൃത്വം കൊടുത്ത ആളുകൾക്കെതിരെ കർശനമായ സമീപനം സ്വീകരിക്കണം. ചെറിയൊരു കുറ്റം ചെയ്തിട്ടുണ്ടെങ്കിൽപ്പോലും ആദിവാസികളോട് മൃദുവായ സമീപനം സ്വീകരിക്കുന്നതിന് പ്രത്യേകം നിർദ്ദേശം കൊടുക്കുന്നത് നന്നായിരിക്കും.

**മുഖ്യമന്ത്രി <u>(ശ്രീ.എ.കെ. ആന്റണി)</u>**: അങ്ങയുടെ ഉപദേശം തന്നെയാണ് ഗവൺമെന്റിന്റെയും അഭിപ്രായം. ഗവൺമെന്റ് അക്കാര്യം ശ്രദ്ധിക്കും.

**<u>മി. സ്പീക്കർ</u>** ബഹുമാനപ്പെട്ട മുഖ്യമന്ത്രി നല്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭിപ്രായമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(മുത്തങ്ങയിൽ നടന്ന അനിഷ്ടസംഭവങ്ങളിൽ ജൂഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടും ആദിവാസി കോളനികളിൽ പോലീസ് നടത്തുന്ന അതിക്രമങ്ങളിൽ പ്രതിഷേധിച്ചുകൊണ്ടും ഇന്നു സഭ പിരിയുന്നതുവരെ നിയമസഭാ കവാടത്തിനുമുന്നിൽ പ്രതിപക്ഷാംഗങ്ങൾ ധർണ്ണ നടത്തുന്നതാണെന്ന് പ്രതിപക്ഷഉപനേതാവ് വാക്കൗട്ടിനു മുമ്പുള്ള അദ്ദേഹത്തിന്റെ പ്രസ്താവനയിൽ അറിയിച്ചു. അതനുസരിച്ച് സഭ പിരിയുന്നതു വരെ ചില പ്രതിപക്ഷാംഗങ്ങൾ സഭാ കവാടത്തിനുമുന്നിൽ ധർണ്ണ നടത്തി.)

വാക്കൗട്ട് നടത്തിയ പ്രതിപക്ഷാംഗങ്ങളിൽ ധർണ്ണയിൽ പങ്കെടുക്കാത്തവർ അല്പ സമയത്തിനുള്ളിൽ സഭയിൽ മടങ്ങിയെത്തി.

## ശ്രദ്ധക്ഷണിക്കൽ

<u>(1) സേവ് പെരിയാർ അതോറിറ്റി രൂപീകരിക്കേണ്ടതിന്റേയും ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ സ്കീമിന് പെരിയാറിൽ നിന്നും ജലം ലഭ്യമാക്കാനുള്ള നീക്കംമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക ദൂരീകരിക്കേണ്ടതിന്റേയും ആവശ്യകത</u>

**<u>ശ്രീ.ടി.എച്ച്. മുസ്തഫ:</u>** നദികളുടെ സംരക്ഷണത്തിനും മണൽ വാരൽ തടയുന്നതിനും നിയമമുണ്ടെങ്കിലും അനധികൃത മണൽ വാരൽമൂലം പെരിയാർ നദി ഇന്ന് വളരെ ശോചനീയമായ

അവസ്ഥയിലാണ്. ജില്ലാതല വിദഗ്ദ്ധ സമിതിയും പല കടവ് സമിതികളും പ്രവർത്തനക്ഷമമല്ല. പദ്ധതി പ്രദേശങ്ങളുടേയും പാലങ്ങളുടേയും 500 മീറ്റർ ദൂരംമാറി മാത്രമേ മണൽ വാരാൻ പാടുള്ളു എന്ന നിയമം ലംഘിച്ച് പല പമ്പിംഗ് സ്റ്റേഷനു കളുടേയും 150 മീറ്റർ മുതൽ 300 മീറ്റർ വരെ ദൂരപരിധിയ്ക്കുള്ളിൽനിന്നും മണൽ വാരുന്നതിന് കടവ് കമ്മിററികൾ ഒത്താശ ചെയ്യുന്നുണ്ട്. ഇത്തരം ഒരു കേസിൽ വിദഗ്ധദകമ്മിറ്റി റദ്ദാക്കിയ അനുവാദം ഗവൺമെന്റ് ഇടപെട്ട് വീണ്ടും കൊടുത്തിരിക്കുകയാണ്. നിയന്ത്രണമില്ലാതെ രാപ്പകൽ അനധികൃതമായി മണൽ വാരുന്നതുമൂലം ജലനിരപ്പ് താഴ്ന്ന് കടലിൽ നിന്നും ഉപ്പുവെള്ളം കയറുന്നു. ഉദ്യോഗമണ്ഡൽ, ഏലൂർ, ഇടയാർ തുടങ്ങിയ വ്യവസായ മേഖലകളിൽ നിന്ന് പുറംതള്ളുന്ന മലിനജലം ഒഴുകിപ്പോകാത്തതുമൂലം വെള്ളം വിഷമയമാകാനും ഇടയാകുന്നു. ജലനിരപ്പ് താഴ്ന്നതുമൂലം ഫുട്ട് വാൽവ് വെള്ളത്തിനുമുകളിൽ നിൽക്കുന്നതിനാൽ പെരിയാറിൽ നിന്നും പല ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും വെള്ളം പമ്പ് ചെയ്യാൻ കഴിയുന്നില്ല. മണൽവാരൽ ഇപ്പോഴും തുടരുകയാണ്. മണൽ വാരുന്നതിന് വിദഗ്ദ്ധസമിതി അനുവാദം നൽകിയില്ലെങ്കിലും ഗവൺമെന്റ് അനുവാദം നൽകുന്നു. പെരിയാറിൽ ഉപ്പുവെള്ളം കയറിയാൽ ഭൂതത്താൻ അണക്കെട്ടിൽനിന്ന് വെള്ളം തുറന്നുവിട്ട് ഉപ്പുവെള്ളം ഒഴുക്കിക്കളഞ്ഞതിനുശേഷം ബണ്ടുകെട്ടുകയാണ് പതിവ്. എന്നാൽ ഇന്ന് ഉപ്പുവെള്ളം ഒഴുക്കിക്കളയാൻ ഭൂതത്താൻ അണക്കെട്ടിൽനിന്ന് വെള്ളം തുറന്നുവിടാനില്ല. ഇടുക്കി ഡാം നിർമ്മിച്ച ഘട്ടത്തിൽ, പെരിയാറിലെ നീരൊഴുക്ക് കുറയുമെന്നതിനാൽ, ഇടുക്കി ഡാമിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിച്ചശേഷമുള്ള വെള്ളം പെരിയാറിലേയ്ക്ക് വിടാമെന്ന് ഉറപ്പ് നൽകിയിരുന്നു.. ഇടുക്കിയിൽ വൈദ്യുതി ഉല്പാദിപ്പിച്ച ശേഷമുള്ള

വള്ളം മലങ്കര ഡാമിലേയ്ക്ക് കൊണ്ടുവന്ന് മൂവാറ്റുപുഴ ആറിലേയ്ക്ക് തിരിച്ചുവിട്ട് മൂവാറ്റുപുഴ പദ്ധതിക്ക് ഉപയോഗിക്കുന്നതുകൊണ്ട് പെരിയാറിലെ നീരൊഴുക്ക് നിലനിറുത്താൻ സാധിക്കുന്നില്ല. മാത്രമല്ല ; ഉപ്പുവെള്ളവും വിഷജലവും ഒഴുക്കി ക്കളയാതെ പുറത്തുനിന്ന് പൂഴിമണൽ കൊണ്ടുവന്ന് ബണ്ട് നിർമ്മിച്ചതുകൊണ്ട് പെരിയാറിൽനിന്ന് മലിനജലമാണ് കിട്ടുന്നത്. ഇപ്പോൾ 12 അസംബ്ളി നിയോജക മണ്ഡലങ്ങളിലേയ്ക്ക് കുടിവെള്ളമായി ഉപ്പുവെള്ളമാണ് പമ്പ് ചെയ്യുന്നത്. പെരിയാറിലുള്ള വെള്ളത്തിന്റെ തോത് കണക്കിലെടുത്താൽ എൽ.ഡി.എഫ് ഗവൺമെന്റ് തയ്യാറാക്കിയ ഇൻഡസ്ട്രിയൽ വാട്ടർ സപ്ളൈ സ്കീം നടപ്പിലാക്കുന്നത് പെരിയാറിനെ അപകടകരമായ സ്ഥിതിയിൽ എത്തിക്കും. ജലവിതാനം താഴ്ന്നതിന്റെ ഫലമായി പെരിയാർ മരുഭൂമി യായിരിക്കുന്നു. പെരിയാറിന്റെ ഇരുകരകളിലുമുള്ള കിണറുകളിൽപ്പോലും ഇന്ന് വെള്ളമില്ല; അവിടെ ഗുരുതരമായ സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. പെരിയാറിന്റെ വികസനത്തിനുവേണ്ടി ''സേവ് പെരിയാർ അതോറിറ്റി'' പ്രഖ്യാപിച്ചുവെങ്കിലും അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പെരിയാറിൽ അഞ്ചാറ് ഡാമുകൾ നിലനിൽക്കുന്നതുകൊണ്ട് മഴ പെയ്താൽ കല്ല് ഉരുണ്ട്, പൊട്ടിച്ചിതറി മണൽ ആയി രൂപപ്പെടാനുള്ള സാധ്യത കുറവാണ്. ആയതിനാൽ മണൽവാരൽ പൂർണ്ണമായി നിരോധിക്കണം. ഒൻപത് അസംബ്ളി നിയോജക മണ്ഡലങ്ങളിലേയ്ക്ക് കൃഷിക്കും മറ്റാവശ്യത്തിനും ജലം ഉപയുക്തമാക്കുന്ന പെരിയാറിന്റേയും പെരിയാർവാലി പദ്ധതിയുടേയും നിലനിൽപ് അപകടത്തിലാണ്. ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട ് പഠനം നടത്തിച്ച് പെരിയാർവാലിയേയും പെരിയാറിനേയും രക്ഷിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണം. ''സേവ്

പെരിയാർ അതോറിറ്റി" അടിയന്തിരമായി രൂപീകരിച്ച് പെരിയാറിനെ ശുദ്ധീകരി ക്കാനും പെരിയാറിലേയ്ക്ക് വെള്ളം കൊണ്ടുവരാനുള്ള സോഴ്സ് കണ്ടെത്തി ഉപ്പുവെള്ളവും വിഷജലവും കയറാതെ കുടിവെള്ളവും ഇറിഗേഷന് ആവശ്യമായ ജലവും സംഭരിക്കാനുമുള്ള പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് ശ്രമിക്കുകയും ചെയ്യണം.

**ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്)** : മണൽവാരൽ നിയമം ലംഘിക്കപ്പെടുന്നുവെന്നും പെരിയാറിൽനിന്ന് അമിതമായി മണൽവാരുന്നുവെന്നതുമാണ് ഇവിടെ ഉന്നയിക്കപ്പെട്ട ഒരു ആക്ഷേപം. നിലവിലുള്ള ഏതോ കൺസ്ട്രക്ഷന്റെ 150 മീറ്റർ അടുത്തുനിന്നും മണൽ വാരുന്നത് മണൽക്കടവ് വിദഗ്ദ്ധ സമിതി കാൻസൽ ചെയ്തത്; ഗവൺമെന്റ് ഇടപെട്ട് വീണ്ടും അനുവാദം കൊടുത്തുവെന്നത് ശരിയല്ല. നിയമപരമായി ഗവൺമെന്റിന് അതിനുള്ള അധികാരമില്ല. ഏതായാലും ഇക്കാര്യം അന്വേഷിക്കാം. മണൽവാരൽമൂലം ജലവിതാനം താഴ്ന്നത് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുന്നുവെന്നത് ശരിയാണ്. 55 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളാണ് പെരിയാർ നദിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. ഫുട്ട് വാൽവ് കുറച്ചുകൂടെ താഴ്ത്തിവച്ച് കൃഷിക്കാർക്ക് വെള്ളം കൊടുക്കാനുള്ള ക്രമീകരണം ഗവൺമെന്റ് ചെയിതിട്ടുണ്ട്. മണൽവാരൽ പെരിയാറിനെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. മണൽവാരൽ നിരോധിക്കണമോ വേണ്ടയോ എന്നത് തീരുമാനിക്കേണ്ട കാര്യമാണ്. ഇപ്രാവശ്യം തുലാവർഷം കുറവായിരുന്നതിനാൽ വൃശ്ചിക വേലിയേറ്റത്തിന്റെ സമയത്ത് ഉപ്പുവെള്ളം കയറിയതുകാരണം ചില പമ്പിംഗ് സ്റ്റേഷനുകളിലും ഇൻഡസ്ട്രിയൽ ബെൽറ്റിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. ഈ അവസരത്തിൽ ഭൂതത്താൻകെട്ട് ബാരേജിൽനിന്നും വെള്ളം തുറന്നുവിട്ട് ലവണാംശം കുറയ്ക്കാൻ നടപടി

സ്വീകരിച്ചു. വൃശ്ചിക വേലിയേറ്റം പെട്ടെന്നുണ്ടായതുകാരണം വെള്ളത്തിന്റെ നീരൊഴുക്ക് കുറഞ്ഞതിനാൽ മഞ്ഞുമ്മലുള്ള താൽക്കാലിക ബണ്ടിനുപകരം ഒരു റെഗുലേറ്റർ–കം–ബ്രിഡ്ജ് പണിതുകൊണ്ടിരിക്കുകയാണ്. പെരിയാറിന്റെ ഇരുകരകളിലെ പഞ്ചായത്തുകളിലെ സ്വീവേജും ആശുപത്രികളിലെയും കശാപ്പുശാലകളിലെയും വേസ്റ്റുകളും പെരിയാറിൽ ഡംപ് ചെയ്യുന്നതു തടഞ്ഞാൽ മാത്രമേ മലിനീകരണത്തിൽനിന്നും പെരിയാറിനെ മുക്തമാക്കാൻ കഴിയുകയുള്ളു. കൊച്ചിൻ വാട്ടർ സപ്ളൈ സ്കീം നടപ്പിലാക്കുന്ന കാര്യം എങ്ങനെ വേണമെന്നുള്ളത് ആലോചിക്കാം. മൂവാറ്റുപുഴ ആറിൽനിന്നും കൂടുതൽ വെള്ളമെടുക്കാൻ കഴിയില്ല എന്നാണ് പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ചെക്ക്ഡാമുകൾ കെട്ടി മുവാറ്റുപുഴ ആറിലും പെരിയാറിലും വെള്ളം തടഞ്ഞുനിറുത്തുകയാണ് കരണീയ മായിട്ടുള്ളത്. മലങ്കര ഡാം കെട്ടി മുവാറ്റുപുഴ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയത് വർഷങ്ങൾക്കു മുമ്പാണ്. പെരിയാർ അതോറിറ്റി രൂപീകരണം ഗവണ്മെന്റു തലത്തിൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. മണൽ വാരൽ നിറുത്തലാക്കിയാൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ കണക്കിലെടുത്ത് പെരിയാറിനെ സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും. പെരിയാറിലെ വെള്ളത്തിന്റെ സോഴ്സ്, പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടും മുവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടും നടത്തിക്കൊണ്ടുപോകാനുള്ള വെള്ളത്തിന്റെ ആവശ്യം ഇവ സംബന്ധിച്ച പഠന റിപ്പോർട്ട് ഗവണ്മെന്റിന്റെ പക്കലുള്ളതിനാൽ ഇനിയുമൊരു വിദഗ്ദ്ധ സമിതിയെ ഇതിനായി നിയോഗിക്കേണ്ട ആവശ്യമില്ല. എന്നാലും ഇങ്ങനെയൊരാവശ്യം

ഉന്നയിച്ച സ്ഥിതിക്ക് മുഖ്യമന്ത്രിയുമായി ആലോചിച്ച് ആവശ്യമാണെന്ന് ഗവണ്മെന്റിന് ബോദ്ധ്യമായാൽ അതിനുള്ള നടപടി സ്വീകരിക്കും.

(2) 'ദീൻ ദയാൽ ഹാത് കർഗാ പ്രോൽസാഹൻ യോജന' നടപ്പാക്കേണ്ടതിന്റെ

ആവശ്യകത

**ശ്രീ. ടി.പി. രാമകൃഷ്ണൻ** : കൈത്തറി വ്യവസായം ഇന്ന് ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഈ മേഖലയിൽ വൻതോതിലുള്ള തൊഴിലില്ലായ്മ അനുഭവപ്പെടുന്നതിനു കാരണം കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകളുടെ നയവൈകല്യമാണ്. കേന്ദ്ര ഗവണ്മെന്റിന്റെ 'ദീൻ ദയാൽ ഹാത് കർഗാ പ്രോൽസാഹൻ യോജന' പദ്ധതിപ്രകാരം ഈ വ്യവസായ രംഗത്ത് സംരക്ഷണം ഏർപ്പെടുത്തണം. കൈത്തറി വ്യവസായം നിലനിറുത്താൻ പുതിയ ഡിസൈനുകൾ, മാർക്കറ്റിംഗ് ഇൻസെന്റീവ് എന്നിവ ഉൾപ്പെടെയുള്ള പ്രോജക്ട് പാക്കേജുകൾ; ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള തുണിത്തരങ്ങളും ഗാർമെന്റ്സും നിർമ്മിക്കുന്നതിന് കേന്ദ്രഗവണ്മെന്റ് പ്രഖ്യപിച്ച എക്സൈസ് ഡ്യൂട്ടിയുടെ റീ ഇംബേഴ്സുമെന്റ് തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് യാതൊരു നിർദ്ദേശവും സംസ്ഥാന ഗവണ്മെന്റ് കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിട്ടില്ല. സംസ്ഥാന ഗവണ്മെന്റ് കേന്ദ്ര ഗവണ്മെന്റിന്റെ സഹായത്തോടെ കൈത്തറി മേഖലയെ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. മാർക്കറ്റിംഗ് ഇൻസെന്റീവ് ഇനത്തിൽ കേന്ദ്ര ഗവണ്മെന്റ് നൽകിയിട്ടുള്ള ഇൻസെന്റീവ് കൈത്തറി സംഘങ്ങൾക്ക് പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. ഈ ഇനത്തിന് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമാണ്.

കഴിഞ്ഞവർഷം പ്രധാനമന്ത്രി പ്രഖ്യാപിച്ച 100 കോടി രൂപയുടെ സ്പെഷ്യൽ റിബേറ്റു പദ്ധതിയും 125 കോടി രൂപയുടെ ഇൻഷ്വറൻസ് പദ്ധതിയും നേടിയെടുക്കാൻ നടപടി സ്വീകരിക്കണം. കൈത്തറി മേഖലയിലെ തൊഴിലാളികൾ പട്ടിണിയിലായതിനാൽ ഈ മേഖലയെ രക്ഷിക്കുന്നതിനായി സംസ്ഥാന ഉപദേശകസമിതി വിളിച്ചുകൂട്ടി ട്രേഡ് യൂണിയനുകളുമായി ആലോചിച്ച് പ്രശ്നങ്ങൾ ചർച്ച ചെയ്യണം. കഴിഞ്ഞ ഗവണ്മെന്റ് 78 ദിവസത്തെ റിബേറ്റു നൽകിയ സ്ഥാനത്ത് വെറും ഏഴു ദിവസത്തെ ഇൻസെന്റീവാണ് ഈ സർക്കാർ നൽകിയത്. കൈത്തറി മേഖലയെ രക്ഷിക്കാൻ സൗജന്യ റേഷൻ വിതരണം ഉൾപ്പെടെയുള്ള ആവശ്യമായ ആശ്വാസ നടപടികൾ സ്വീകരിക്കണം.

**വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):** കൈത്തറി മേഖലയെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റിൽ നിന്നും കൂടുതൽ പദ്ധതികൾ നേടിയെടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് മറ്റേതൊരു കാലത്തേക്കാളും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 40 കോടി രൂപയുടെ ഒരു പദ്ധതിയ്ക്ക് കേന്ദ്രത്തിൽ നിന്നും അംഗീകാരം നേടിയെടുക്കാനുള്ള ശ്രമം നടത്തുകയാണ്. കൈത്തറി മേഖലയുടെ സ്ഥിതി ശോചനീയമാണ്. ശാസ്ത്രീയമായ രീതിയിൽ പുനരുദ്ധരിച്ചാൽ മാത്രമേ കൈത്തറി മേഖല രക്ഷപ്പെടുകയുള്ളൂ. കൈത്തറി തൊഴിലാളികൾ തുടങ്ങിയ വീക്കർ സെക്ഷനുകളെ സഹായിക്കുന്ന കാര്യത്തിൽ സാമ്പത്തികനില ഒരു ബുദ്ധിമുട്ടാകാത്ത വിധത്തിലുള്ള സമീപനം സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. കൈത്തറി മേഖലയ്ക്ക് എല്ലാവിധ പ്രാമുഖ്യവും മുൻഗണനയും നൽകും. ഈ രംഗത്തുള്ള വിദഗ്ദ്ധർ, രാഷ്ട്രീയ

നേതാക്കൻമാർ എന്നിവർ ഉൾപ്പെടെയുള്ളവരുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

## സബ്മിഷൻ

(1) <u>കൂത്തുപറംപിൽ ജീപ്പും ബസ്സും കൂട്ടിയിടിച്ചുണ്ടായ അപകടം</u>

**<u>ശ്രീ. കെ. പി. മോഹനൻ:</u>** 2003 ഫെബ്രുവരി 6-ാം തീയതി കൂത്തുപറംപ് ടൗണിനടുത്തുള്ള വളവിൽ വച്ച് ജീപ്പും ബസ്സുമായി കൂട്ടിയിടിച്ച് മൂന്ന് വിദ്യാർത്ഥികൾ മരണമടയുകയും നിരവധി പേർക്ക് പരിക്കേൽക്കാൻ ഇടയാകുകയും ചെയ്ത സംഭവത്തിൽ മുഖ്യമന്ത്രി ആവശ്യമായ നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി (<u>ശ്രീ. എ. കെ. ആന്റണി</u>):** പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട ബസ് ഡ്രൈവറെ അറസ്റ്റ് ചെയ്ത് കേസ്സെടുത്തിട്ടുണ്ട്. ബസ്സുകളുടെ അമിത വേഗത തടയുന്നതിന് ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(2) <u>കോഴിക്കോട് കനോളി കനാലിന്റെ ശോച്യാവസ്ഥ പരിഹരിക്കേണ്ടതിന്റെ ആവശ്യകത</u>

**<u>ശ്രീ. എ. സുജനപാൽ</u>:** ഏലത്തൂർ പുഴയും കല്ലായി പുഴയും തമ്മിൽ ബന്ധിപ്പി ക്കുന്ന കനോളി കനാൽ വളരെ ശോചനീയാവസ്ഥയിലാണ്. കോടിക്കണക്കിന് രൂപ ചെലവഴിച്ച കനാലിന്റെ ഭിത്തിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും കനാൽ ശുദ്ധീകരിക്കു കയും വേണം. ജലഗതാഗതം പൂർണ്ണമായും

പുനസ്ഥാപിക്കുന്നതിന്  ആവശ്യമായ ഫണ്ട് അനുവദിക്കുകയും കേന്ദ്ര ഗവൺമെന്റിന്റെ ജലഗതാഗത സ്കീമിലുൾപ്പെടുത്തി  സമഗ്രമായ പദ്ധതി ആവിഷ്ക്കരിക്കുകയും വേണം.

**ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. ടി. എം. ജേക്കബ്</u>)**:  കനോളി കനാലിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ട് വർഷങ്ങളായിയെങ്കിലും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല.  അത് ത്വരിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.  2004 മാർച്ച് മാസത്തോടുകൂടി നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാൻ കഴിയുമെന്നാണ്  പ്രതീക്ഷിക്കുന്നത്. ഇതിനായി  കേന്ദ്ര ഗവൺമെന്റി നോട് അഭ്യർത്ഥിച്ചിട്ടുള്ള 5.40 ലക്ഷം രൂപയുടെ സഹായം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.  ബണ്ട് കെട്ടിയതുകൊണ്ട് വെള്ളം കെട്ടിക്കിടക്കുന്ന കാര്യത്തിൽ വേണ്ട ക്രമീകരണം ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം കൊടുക്കാം.

(3) <u>ലൈസൻസ് ഫീസ് അടയ്ക്കാത്തവർക്ക് ഏർപ്പെടുത്തിയ ഫൈൻ</u>

**<u>ശ്രീ. ടി. പി. എം. സാഹിർ</u>:**  1999-ലെ കേരള മുനിസിപ്പൽ ആക്ട് ഭേദഗതിയിലും 447/1 ട്രേഡ്  ലൈസൻസ് ആക്ട് ഭേദഗതിയിലും ചെറുകിട ബാർബർമാരോടും  ലക്ഷക്കണക്കിന് രൂപ ടേൺ ഓവറുള്ള ബാർ ലൈസൻസികളോടും ഒരേ സമീപനമാണുള്ളത്.  ചെറുകിട കച്ചവടക്കാർ  2500 രൂപ മുതൽ 10,000 രൂപവരെ ഫീ ഫൈനാക്കി അടയ്ക്കണമെന്നുള്ള നിബന്ധന മാറ്റി ഫൈൻ തുക ഫീസിന്റെ 25 ശതമാനമാക്കാനുള്ള ഭേദഗതി വരുത്തണം.

**തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി <u>(ശ്രീ.ചെർക്കളം അബ്ദുള്ള)</u>** 1994-ലെ മുനിസിപ്പൽ ആക്ടിലെ 447(1) വകുപ്പുപ്രകാരം മുനിസിപ്പൽ പ്രദേശം ഏതെങ്കിലും വ്യാപാരാവശ്യത്തിന് ഉപയോഗിക്കുന്നതിന് ലൈസൻസ് ആവശ്യമാണ്. ഇത് ലംഘിച്ചാൽ 1000 രൂപ പിഴ ചുമത്തിയിരുന്നത് 1999-ൽ 10,000 രൂപയായി വർദ്ധിപ്പിച്ചു. ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം പിഴയുടെ 25 ശതമാനത്തിൽ കുറയാതെയും 50 ശതമാനത്തിൽ കൂടാതെയുമുള്ള തുക പിഴയായി ഈടാക്കി കുറ്റം രാജിയാക്കണമെന്ന് വ്യവസ്ഥയുള്ളതിനാൽ നിശ്ചിത തീയതിക്കകം ലൈസൻസ് പുതുക്കാത്തവരിൽനിന്നും ഇപ്പോൾ 2500 രൂപയാണ് പിഴയായി ഈടാക്കുന്നത്. ചെറിയ പെട്ടിക്കടക്കാരിൽനിന്നും വൻകിട സൂപ്പർമാർറ്റ് ഉടമകളിൽ നിന്നും ഒരേ നിരക്കിലാണ് പിഴ ഈടാക്കുന്നതെന്ന പരാതി ഒഴിവാക്കാനായി ലൈസൻസ് ഫീസുമായി ബന്ധപ്പെടുത്തിക്കൊണ്ട് പിഴ ഈടാക്കുന്ന രീതി ഏർപ്പെടുത്തുന്ന കാര്യം സർക്കാറിന്റെ സജീവ പരിഗണനയിലാണ്. ആക്ട് ഭേദഗതി ചെയ്യുന്നതുവരെ സ്വീകരിക്കേണ്ട നടപടികളും സർക്കാർ പരിശോധിച്ചുവരുന്നു.

(4) <u>ഗോശ്രീ ഐലന്റ് ഡെവലപ്പ്മെന്റ് അതോറിട്ടിയുടെ സ്ഥലത്തിന് ഹിന്ദുസ്ഥാൻ ലിവർ ലിമിറ്റഡ് അവകാശവാദം ഉന്നയിച്ചത് സംബന്ധിച്ച്.</u>

**<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്</u>**:: ഗോശ്രീ പദ്ധതിക്കുവേണ്ടി അനുവദിച്ചിട്ടുള്ള 25 ഹെക്ടർ സ്ഥലത്തിന് തൊട്ടടുത്ത് സ്ഥലമുള്ള ഹിന്ദുസ്ഥാൻ ലിവർ ലിമിറ്റഡ് ഗോശ്രീ ഐലന്റ് ഡെവലപ്പ്മെന്റ് അതോറിട്ടിയുടെ സ്ഥലത്തിന് പുതിയ അവകാശവാദവുമായി മുന്നോട്ടു വന്നിരിക്കുകയാണ്. ഗോശ്രീ പദ്ധതിയെ അപകടത്തിലാക്കുന്ന രീതിയിൽ

ആ സ്ഥലത്തിന്മേൽ അവകാശവാദം ഉന്നയിച്ചുകൊണ്ട് ഹിന്ദുസ്ഥാൻ ലിവർ കമ്പനി ഒരു പത്രപ്പരസ്യം നൽകിരിക്കുകയാണ്. ഇതിനെതിരെ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കണം.

**തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള)** കൊച്ചി മറൈൻ ഡ്രൈവ് പ്രദേശത്ത് ബോൾഗാട്ടി, മുളവുകാട്, വൈപ്പിൻ പാലങ്ങളുടെ നിർമ്മാണത്തിലേക്ക് പണം കണ്ടെത്തുന്നതിന് ഗോശ്രീ വികസന അതോറിട്ടി നികത്തിയെടുത്തതും വിൽക്കാൻ ഉദ്ദേശിക്കുന്നതുമായ 25 ഹെക്ടർ സ്ഥലത്തിന് ഗോശ്രീ-ക്ക് ഉടമസ്ഥാവകാശം ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം വിൽക്കാൻ ഗ്ലോബൽ ടെണ്ടർ ക്ഷണിച്ചപോൾ രണ്ട് ഓഫറുകൾ വന്നു. ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതിയ്ക്ക് മുന്ന് ദിവസം മുമ്പ് ഹിന്ദുസ്ഥാൻ ലിവർ ലിമിറ്റഡ് പ്രസ്തുത സ്ഥലത്തിൽ തങ്ങൾക്ക് അവകാശപ്പെട്ട സ്ഥലം ഉള്ളതായി പത്ര പ്പരസ്യം നൽകുകയും ഗവൺമെന്റിന് നിവേദനം നൽകുകയും ചെയ്തു. അവകാശവാദം നിലനിൽക്കുന്നതല്ല എന്നാണ് ഗോശ്രീയുടെ നിലപാട്. ഇതുസംബന്ധിച്ച് സ്വീകരിക്കേണ്ട മേൽനടപടികൾ ഇന്ന് ചേരുന്ന ഗോശ്രീയുടെ സ്റ്റിയറിംഗ് കമ്മിറ്റി യോഗം തീരുമാനിക്കുന്നതാണ്.

(5) <u>ക്ഷേത്രോൽസവങ്ങളുമായി ബന്ധപ്പെട്ട് വർദ്ധിച്ചു വരുന്ന അക്രമങ്ങൾ</u>

**ശ്രീ. ഉമേഷ് ചള്ളിയിൽ** : കൊടുങ്ങല്ലൂർ മണ്ഡലത്തിലെ ക്ഷേത്രങ്ങളിലെ ഉൽസവവേളകളൊക്കെ രാഷ്ടീയ സംഘട്ടനങ്ങളുടെ വേദിയാകുകയാണ്. കഴിഞ്ഞ 21-ാം തീയതി വെടിവഴിപാട് ലേല

സമയത്ത് പിടികിട്ടാ പുള്ളിയായി പ്രഖ്യാപിക്കപ്പെട്ട ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യാനുള്ള നടപടിയുടെ ഭാഗമായിട്ട് അവിടെ ചില പ്രശ്നങ്ങളുണ്ടായി. ഇതുമായി ബന്ധപ്പെട്ട് പിടിച്ച പ്രതികളെ ഡി.ഐ.ജി-യുടെ നിർദ്ദേശ പ്രകാരം വിട്ടയയ്ക്കുകയും. എന്നാൽ കാവിയുടുത്ത നിരപരാധികളെ ബി.ജെ.പി.-ക്കാർ എന്നു മുദ്രകുത്തി അറസ്റ്റ് ചെയ്യുകയും ചെയ്തു. പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായ ഗുരുതരമായ വീഴ്ചയ്ക്കെതിരെ നടപടി സ്വീകരിക്കണം..

**മുഖ്യമന്ത്രി <u>(ശ്രീ.എ.കെ.ആന്റണി)</u>** കൊടുങ്ങല്ലൂരിൽ അനിഷ്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ അവിടെ സുശക്തമായ പോലീസ് കാവൽ ഏർപ്പെടുത്തിയിട്ടുണ്ട്.. അക്രമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവർക്കെതിരെ ശക്തമായ നടപടി എടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## നിയമനിർമ്മാണ കാര്യം

### <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ അബ്കാരി (ദേദഗതി) ബിൽ</u>

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ.ശങ്കരനാരായണൻ)</u>** സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2003-ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

**തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി <u>(ശ്രീ. ചെർക്കളം അബ്ദുള്ള):</u>**പ്രമേയത്തെ_പിൻതാങ്ങുന്നു.

**<u>ശ്രീ. ബിനോയ് വിശ്വം</u>**: സബ്ജക്ട് കമ്മിറ്റി ചർച്ചാ വേളയിൽ ഈ ബില്ലിന് ഞാൻ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിരുന്നു. പ്രഥമദൃഷ്ട്യാ ഉദാരമായ വ്യവസ്ഥകളട ങ്ങുന്നതായി തോന്നുന്ന ഈ ബിൽ യാതൊരു പ്രയോജനവും ചെയ്യാത്ത ഒന്നാണ്. അബ്കാരി ആക്ടിന് ഒരു ഭേദഗതിയാണ് ഈ ബില്ലിന്റെ ഓർഡിനൻസ് കൊണ്ട് ഉദ്ദേശിക്കുന്നത്. അബ്കാരി നയത്തിൽ ഗൗരവമായ മാറ്റം വേണമെന്ന് ഞങ്ങൾ മാത്രമല്ല യു.ഡി.എഫ്-ന്റെ ഉന്നതാധികാര സമിതിവരെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. മൗലികമായ മാറ്റം ആവശ്യമുള്ള അബ്കാരി നിയമത്തിൽ എന്ത് മൗലികമായ മാറ്റമാണ് കൊണ്ടുവരാൻ പോകുന്നതെന്ന് ഗവൺമെന്റിനറിയില്ല. ഹൈക്കോടതിയുടെ നിർദ്ദേശം മാനിച്ചുകൊണ്ടാണ് ഈ നിയമം കൊണ്ടുവന്നതെന്ന് എല്ലാവർക്കും അറിയാം. 22.12.2000-ത്തിലെ കോടതി വിധിയിൽ പറഞ്ഞത് സീസ് ചെയ്യപ്പെട്ട വസ്തുക്കൾ എത്രയും വേഗം ഡിസ്പ്പോസ് ചെയ്യണമെന്നാണ്. എങ്ങനെയാണ് ഡിസ്പോസ് ചെയ്യേണ്ടതെന്ന കാര്യത്തിൽ അവ്യക്തതയുണ്ട്. അതുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റിയിൽ .ഡിസെന്റ് രേഖപ്പെടുത്തേണ്ടിവന്നത്. ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധി ഇല്ലായ്മ തുറന്നു കാണിക്കാനുള്ള അവസരമായിട്ടാണ് ഡിസെന്റ് രേഖപ്പടുത്തിയത്. അബ്കാരി ആക്ടിന്റെ ഭാഗമായി ഒരു പ്രത്യേക വകുപ്പ് കൊണ്ടുവരുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. 2002-ലെ എസ്.ആർ.ഒ. പ്രകാരമുണ്ടാക്കിയ ഡിസ്പോസൽ കമ്മിറ്റിക്ക് വേറെയും അധികാരങ്ങളുണ്ട്. ആ കമ്മിറ്റി ഒരു പ്രാവശ്യം മാത്രമാണ് യോഗം കൂടിയത്. മയക്കുമരുന്നിന്റേയും വ്യാജമദ്യത്തിന്റേയും സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ആദിവാസി മേഖല മദ്യവിമുക്തമാക്കാൻ നടപടി സ്വീകരിക്കണം.

**<u>ശ്രീ. ടി.കെ. ബാലൻ:</u>** വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയോട് പ്രഥമദൃഷ്ട്യാ യോജിക്കാതിരിക്കാൻ സാധിക്കുകയില്ല. വ്യാജവാറ്റ് നമ്മുടെ സംസ്ഥാനത്ത് നിർബാധം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കണ്ടുകെട്ടപ്പെട്ട സാധനങ്ങൾ നിയമത്തിന്റെ മുൻപിൽ കൊണ്ടു വരാനും അത് എത്രയും വേഗം ഡിസ്പോസ് ചെയ്യാനും നടപടി സ്വീകരിക്കണം. കേന്ദ്രത്തിൽ ഉള്ളതുപോലെ ഇവിടെയും ഒരു സ്റ്റേറ്റു ലവൽ ഡിസ്പോസൽ കമ്മിറ്റിയുണ്ടാക്കി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. എക്സൈസ് ഡിപ്പാർട്ടുമെന്റും പോലീസുകാരും പിടിക്കുന്ന വാഹനങ്ങൾ ആറു മാസത്തിനകം ഡിസ്പോസ് ചെയ്യാൻ നടപടി സ്വീകരിക്കണം. ബിവറേജസ് കോർപ്പറേഷൻ വിൽക്കുന്ന മദ്യത്തിലും സെക്കൻഡ്സും തേർഡ്സുമൊക്കെയുണ്ട്. നിയമത്തെ നോക്കുകുത്തി യാക്കുന്ന സ്ഥിതിവിശേഷം വരാൻ പാടില്ല; നിയമത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കണം.

**<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>** : I move that the Abkari (Amendment) Bill, 2003 as reported by the Subject Committee be circulated for obtaining public opinion.

യഥാർത്ഥത്തിൽ പിടിച്ചെടുക്കുന്ന മദ്യം പരിശോധിക്കുവാനും ഡിസ്പോസ് ചെയ്തുകഴിഞ്ഞാൽ അത് സമൂഹത്തിൽ വിതരണം ചെയ്യപ്പെടാതിരിക്കുവാനുമുള്ള മുൻകരുതലുകളെടുക്കണം. നമ്മുടെ സമൂഹത്തിൽ മിഠായി ആയിട്ട് കുട്ടികൾക്ക് മയക്കുമരുന്ന് ചേർത്ത ലഹരി പദാർത്ഥങ്ങൾ വ്യാപകമായി വിതരണം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ അത്തരത്തിൽ സമൂഹത്തെത്തന്നെ ചൂഷണംചെയ്ത് പണമുണ്ടാക്കി

ക്കൊണ്ടിരിക്കുന്ന കള്ളക്കടത്തുകാർക്കെതിരായി നിയമമുണ്ടാക്കണം. ഒരു തലമുറയെ മുഴുവൻ ലഹരി പദാർത്ഥങ്ങൾക്ക് അടിമകളാക്കിക്കൊണ്ടിരിക്കുന്ന മനുഷ്യത്വ രഹിതമായ നടപടികളെടുക്കുന്ന ആളുകളെ ശിക്ഷക്ക് വിധേയമാക്കണം.

**<u>ശ്രീ. എം.വി. ജയരാജൻ</u>**: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ അബ്കാരി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇന്ന് യഥാർത്ഥത്തിൽ മദ്യത്തിന്റെ ഉപഭോഗം വർദ്ധിച്ചിരിക്കുന്നു. വ്യാജമദ്യത്തിന്റെയും സ്പരിറ്റിന്റെയും വ്യാപകമായിട്ടുള്ള ഒഴുക്ക് തടയാൻ ഈ നിയമനിർമ്മാണത്തിലൂടെ കഴിയുകയില്ല. അതിനുവേണ്ടി ശക്തമായ നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്തെ ഒരു അന്താരാഷ്ട്ര മയക്കുമരുന്ന് ലോബിയാക്കി മാറ്റാൻ അനുവദിക്കരുത്. പിടിച്ചെടുക്കുന്ന സാധനങ്ങൾ സർട്ടിഫൈ ചെയ്യുന്ന കാര്യത്തിൽ വ്യക്തതയുണ്ടാവണം. ബിവറേജസ് കോർപ്പറേഷൻ വഴിയും മറ്റും ഇന്ന് വിദേശനിർമ്മിത മദ്യത്തിനുപകരം സെക്കൻഡ്സ് മദ്യമാണ് വില്പന നടത്തുന്നത്. എക്സൈസ് വകുപ്പിൽ കാണാതായ ഫയലുകൾ കണ്ടുപിടിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണ കാലത്ത് നിയോഗിച്ച അന്വേഷണ വിംഗിന്റെ പ്രവർത്തനം ഇന്ന് മരവിപ്പിച്ചിരിക്കുന്നു. രാഷ്ട്രീയമായ ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റിനുമാത്രമേ കള്ളക്കടത്ത് തടയാൻ സാധിക്കുകയുള്ളു.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ശങ്കരനാരായണൻ):</u>** നിലവിലുള്ള ബുദ്ധിമുട്ടുകൾക്ക് ഒരു പരിഹാരമുണ്ടാക്കാൻ വേണ്ടിയാണ് ഈ അമെന്റ്മെന്റ് ബിൽ

കൊണ്ടുവന്നിട്ടുള്ളത്. ഈ കാര്യത്തിൽ ഗവൺമെന്റിന് ഇച്ഛാശക്തിയുണ്ട്. നിയമങ്ങൾ കൊണ്ടുവരുമ്പോൾ അവയുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നത് ശരിയല്ല. ഇതിൽ പോരായ്മകളുണ്ടെങ്കിൽ തിരുത്താൻ ഗവൺമെന്റ് തയ്യാറാണ്. പിടിച്ചെടുക്കുന്ന ഏത് സാധനമായാലും അത് ഡിസ്പോസ് ചെയ്യണമെങ്കിൽ പരിശോധിക്കുന്നതിന് കെമിക്കൽ എക്സാമിനർ വേണം. ഉദ്യോഗസ്ഥൻമാർ ആയാൽ കപടത കാണിക്കുമെന്ന് കരുതിയാണ് മജിസ്ട്രേറ്റ് സർട്ടിഫൈ ചെയ്യണമെന്ന് തീരുമാനിച്ചിട്ടുള്ളത്. ബാറുകളുടെ എണ്ണം കുറയ്ക്കുന്നതിനുവേണ്ടി ത്രീ സ്റ്റാറിന് മുകളിലുള്ള ഹോട്ടലുകൾക്ക് മാത്രമേ ബാർ ലൈസൻസ് കൊടുക്കുകയുള്ളു എന്നുള്ള തീരുമാനമാണ് ഈ ഗവൺമെന്റ് എടുത്തത്. ബീവറേജസ് കോർപ്പറേഷന്റെ ഔട്ടലെറ്റുകളിൽ സെക്കൻഡ്സ് മദ്യം വിൽക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടു കയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2003–ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2–ാം വകുപ്പ്</u>

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി(<u>ശ്രീ.കെ.ശങ്കരനാരായണൻ</u>)**: താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

(153) In clause 2,

1) In sub clause(2), for the words, "any Magistrate", the words
"any Magistrate having jurisdiction over the area where the seized liquor, intoxicating drug or articles are stored" shall be substituted.

1) In sub clause(3), after the words "as soon as may be" and before the words "allow the application" the following words shall be inserted namely:

"visit the place where such liquor, intoxicating drug or articles are stored and take appropriate steps as specified in item (a),(b),(c) of sub clause(2)".

**<u>ശ്രീ. ടി.കെ.ദേവകുമാർ</u>:** 118, 146 എന്നീ നമ്പർ ഭേദഗതികളിലെ ആശയത്തിന് തുല്യമായ ഭേദഗതിയാണ് ബഹുമാനപ്പെട്ട മന്ത്രി ഔദ്യോഗിക ഭേദഗതി യായിട്ട് അവതരിപ്പിച്ചിട്ടുള്ളത്. ഇത് ശരിയായ കീഴ്വഴക്കമല്ല.

**<u>മി. സ്പീക്കർ</u>**: ബഹുമാനപ്പെട്ട മെമ്പർമാർ കൊണ്ടുവന്നിട്ടുള്ള ഭേദഗതികളുടെ കണ്ടന്റ്സ് ഗവൺമെന്റ് അമന്റ്മെന്റായിട്ട് കൊണ്ടുവരാതെ ഏത് മെമ്പർ അത്തരത്തിലുള്ള ഭേദഗതികൾ കൊണ്ടുവന്നാലും അവ അംഗീകരിക്കുന്നതാണ് നല്ല കീഴ്വഴക്കം. It is to be considered in future.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ. ശങ്കരനാരായണൻ):** അത് ശ്രദ്ധിക്കാം.

**ശ്രീ. ടി.കെ. ദേവകുമാർ**: 100, 101 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**പ്രൊഫ. സാവിത്രി ലക്ഷ്മണൻ**: 104, 108, 148 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. ജോണി നെല്ലൂർ**: 105, 150 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. പി.ടി. തോമസ്:** 106, 117 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. എം.വി. ജയരാജൻ:** 107, 114, 144, 151 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. പി.ജെ.ജോയി**: 116-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. അടൂർ പ്രകാശ്**: 130-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ)**: പ്രൊഫ.സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച

In Section 53 A (1) of the principal Act proposed to be inserted by

clause 2.

(i) For the words "nature of the liquor, intoxicating drug or article their vulnerability to theft" substitute the words "nature of the liquor, intoxicating drug or article its vulnerability to theft".

(ii) For the words "as soon as may be after their seizure" substitute the words

"as soon as may be after its seizure". എന്ന 104-ാം നമ്പർ ഭേദഗതി

സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 153-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും പ്രൊഫ.സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 104-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്ക പ്പെടുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3ാം വകുപ്പ്</u>

**<u>ശ്രീ. ടി..കെ. ദേവകുമാർ</u>**: 152-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ശങ്കരനാരായണൻ):</u>** ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**1–ാം വകുപ്പും പീഠികയും പേരും**

**ശ്രീ. എം.വി. ജയരാജൻ:** 99–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. കെ.പി. മോഹനൻ:** 98–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ**): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):** സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2003–ലെ അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. സി.എഫ്. തോമസ്)**: പ്രമേയത്തെ പിന്താങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2003–ലെ അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (2) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ബിൽ</u>

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ശങ്കരനാരായണൻ)</u>:** സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2002-ലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഗ്രാമവികസന വകുപ്പുമന്ത്രി <u>(ശ്രീ. സി.എഫ്. തോമസ്)</u>:** പ്രമേയത്തെ പിന്താങ്ങുന്നു.

**<u>ഡോ. തോമസ് ഐസക്</u>:** ഈ ബില്ലിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇപ്പോൾ പാസ്സാക്കുന്ന ഈ നിയമത്തിന് ഏപ്രിൽ 1-ാം തീയതി വരെയേ സാധുതയുണ്ടാവുകയുള്ളൂ. ബില്ലിന്റെ പൊതു ചർച്ചയ്ക്ക് മന്ത്രി മറുപടി പറഞ്ഞത് ഈ വർഷം വില്പന നികുതി പിരിവിൽ റിക്കാർഡ് വർദ്ധനവുണ്ടായിട്ടുണ്ടെന്നാണ്. 17.5 ശതമാനം വർദ്ധനവാണ് ഈ വർഷം ഉണ്ടായിട്ടുള്ളത്. 26 ശതമാനം കൂടുതൽ പിരിക്കേണ്ട സ്ഥാനത്ത് 17.5 ശതമാനമാണ് പിരിച്ചിരിക്കുന്നത്. ഇതാണ് വലിയ നേട്ടമായി കൊട്ടിഘോഷിക്കുന്നത്. ഓരോ വർഷവും ശരാശരി 10 ശതമാനം നികുതി കുടിശ്ശികയായിരുന്നത് ഇപ്പോൾ 25.3 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ 465 കോടിരൂപ അഡീഷണൽ റിസോഴ്സ് മൊബിലൈസേഷൻ പ്രഖ്യാപിച്ചിരിന്നുവെങ്കിലും 290 കോടിരൂപ മാത്രമേ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. കഴിഞ്ഞവർഷം ലക്ഷ്യമിട്ട നികുതിയുടെ 81 ശതമാനം മാത്രമേ പിരിച്ചിട്ടുള്ളൂ.

സംസ്ഥാനത്തിന്റെ തനത് വരുമാനം കുറഞ്ഞിട്ടും അതിനെ നേട്ടമായിട്ടാണ് കാണുന്നത്. വികസന പ്രവർത്തനങ്ങൾ മരവിപ്പിച്ചുകൊണ്ടും പദ്ധതിച്ചെലവ് വെട്ടിച്ചുരുക്കിക്കൊണ്ടുമാണ് റവന്യൂ കമ്മി കുറച്ചു കാണിച്ചിരിക്കുന്നത്. കഴിഞ്ഞവർഷം പദ്ധതിക്കുവേണ്ടി നീക്കിവച്ച തുകപോലും ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. കൃഷി, ഗ്രാമ വികസനം, ജലസേചനം തുടങ്ങിയ മേഖലകളിൽ 2000–2001–ൽ മുൻ എൽ.ഡി.എഫ്. സർക്കാർ ചെലവഴിച്ചതിനേക്കാൾ എത്രയോ കുറച്ചാണ് ഈ സർക്കാർ ചെലവഴിച്ചിരിക്കുന്നത്. വികസന പ്രവർത്തനങ്ങൾ കുറച്ചിട്ടും സർക്കാരിന്റെ കടം കുറഞ്ഞിട്ടില്ല. എവിടെ നിന്നെല്ലാം കടം കിട്ടുമോ അതെല്ലാം വാങ്ങുന്നുമുണ്ട്. റവന്യൂ കമ്മി കുറച്ചു എന്നാണ് ഈ ഗവൺമെന്റ് അവകാശപ്പെടുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ പൊതു കടം 2000–2001 –ൽ 7621 കോടി രൂപയായിരുന്നത് കഴിഞ്ഞ വർഷം 9342 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. 13729 കോടി രൂപയുടെ കട ബാദ്ധ്യത ഉണ്ടായിരുന്ന സ്ഥാനത്ത് ഒരു വർഷത്തിനുള്ളിൽ അത് 15688 കോടി രൂപയായി എന്നാണ് സി.ആന്റ് എ.ജി. യുടെ റിപ്പോർട്ട് കാണിക്കുന്നത്. സംസ്ഥാനത്തിന്റെ കട ബാദ്ധ്യത 37.25 ശതമാനത്തിൽ നിന്ന് 38.09 ശതമാനമായി ഇപ്പോൾ വർദ്ധിച്ചിരിക്കുകയാണ്. ലോണെടുക്കുന്നതിന് സർക്കാർ ഗ്യാരണ്ടി നിൽക്കാൻ പാടില്ലെന്ന് ഇടതുമുന്നണി പറഞ്ഞിട്ടില്ല. ഗ്യാരണ്ടി നിൽക്കുന്നതിന് പരിധി നിശ്ചയിക്കുകയും എടുക്കുന്ന വായ്പ വികസന പ്രവർത്തനത്തിനുവേണ്ടി മാത്രം ചെലവഴിക്കുകയും വേണം. കൃഷി, ഗ്രാമവികസനം, ചെറുകിട വ്യവസായം, ഫിഷറീസ് എന്നീ മേഖലകളുമായി ബന്ധപ്പെട്ട സാധാരണക്കാരുടെ ജീവിതത്തെപ്പോലും ബാധിക്കുന്ന തരത്തിൽ വികസന പ്രവർത്തനങ്ങൾ ചുരുക്കിയിരിക്കുകയാണ്.

**<u>ശ്രീ. ബിനോയ് വിശ്വം:</u>** സർക്കാരിന്റെ പൊതുവിലുള്ള കട ബാദ്ധ്യതയെപ്പറ്റി കാര്യക്ഷമമായ ഒരു ചർച്ച സഭയിൽ അനിവാര്യമാണെന്ന് കണ്ടതുകൊണ്ടാണ് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത്. ബില്ലിന്റെ അവതരണ വേളയിൽ വ്യക്തതയില്ലാത്ത കുറേ അവകാശവാദങ്ങൾ മന്ത്രി ഉന്നയിക്കുകയുണ്ടായി. സംസ്ഥാന വരുമാനത്തിന്റെ പ്രധാന ഉറവിടമായ നികുതി പിരിവ് കാര്യക്ഷമമാക്കണം. നികുതി വെട്ടിപ്പുകാരെ കണ്ടുപിടിക്കുകയും അവരെ ശിക്ഷിക്കുകയും വേണം. അടുത്ത സാമ്പത്തിക വർഷം മുതൽ സാമ്പത്തിക രംഗത്ത് അത്ഭുതകരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന സർക്കാരിന്റെ വാദം പൊള്ളയാണ്. നികുതിയേതര രംഗത്ത് മുൻഗണനാക്രമത്തിൽ വർദ്ധനവുണ്ടാക്കാൻ ആലോചിക്കണം. പാവപ്പെട്ട കച്ചവടക്കാരെ ദ്രോഹിക്കുന്നതിനും വൻകിടക്കാരെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള പഴുതുകൾ ഉൾപ്പെടുത്തിയിരിക്കുന്ന ഈ ബിൽ ഗുണകരമല്ല.

**<u>ശ്രീ. ടി.കെ. ബാലൻ:</u>** കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയാത്ത ഈ നിയമം ചർച്ച ചെയ്യാൻ വേണ്ടി സഭയുടെ വിലയേറിയ സമയം പാഴാക്കാതെ ഈ ബിൽ ധനകാര്യമന്ത്രി പിൻവലിക്കണം. 2003 ഏപ്രിൽ 1-ാം തീയതി എല്ലാ സംസ്ഥാനങ്ങളിലും വാല്യൂ ആഡഡ് സെയിൽസ് ടാക്സ് നിലവിൽ വരുകയാണ്. കച്ചവടക്കാർ റിട്ടേൺസ് സമർപ്പിക്കാതെ വെട്ടിപ്പ് നടത്തിയാൽ 20 ശതമാനം സ്റ്റേറ്റ്മെന്റുകൾ തെരഞ്ഞെടുത്ത് പരിശോധിക്കാനുള്ള അധികാരം ഈ ബിൽ വഴി ഡെപ്യൂട്ടി കമ്മീഷണർക്ക് നൽകിയിരിക്കുകയാണ്. വാല്യു ആഡഡ് സെയിൽസ് ടാക്സ് ഇൻഡ്യയൊട്ടാകെ നടപ്പാക്കുന്നതിനാൽ ഇവിടെ ഈ ബിൽ

പാസ്സാക്കിയതുകൊണ്ട് ഗവൺമെന്റിന് പ്രത്യേകിച്ച് യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. വൻകിടക്കാരായ നികുതി വെട്ടിപ്പുകാർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുത്ത് ഇന്റലിജൻസ് വിംഗിനെ മരവിപ്പിച്ച ഗവൺമെന്റാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്. നികുതിച്ചോർച്ച തടയാനും നികുതിവെട്ടിപ്പുകാരെ നിലയ്ക്ക് നിറുത്താനും അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ പിൻവലിക്കാനും ഈ ഗവൺമെന്റ് തീരുമാനിച്ചതിലെ വൈരുദ്ധ്യം മനസ്സിലാകുന്നില്ല. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ സ്വർണ്ണ വ്യാപാരം നടക്കുന്ന കേരളത്തിൽ 200 കോടിരൂപയാണ് ടാക്സ് ഇനത്തിൽ പ്രതീക്ഷിക്കുന്നത്. എന്നാൽ 35 കോടിയോളം രൂപ മാത്രമേ പിരിച്ചെടുക്കാൻ കഴിയുന്നുള്ളൂ. ഈ ഇനത്തിലുള്ള ടാക്സ് വെട്ടിപ്പ് കണ്ടെത്താനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയും പ്രയോജനവും ഗവൺമെന്റ് വ്യക്തമാക്കണം.

**ശ്രീ. ടി.പി.എം. സാഹിർ:** സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ടാക്സ് വെട്ടിപ്പ് തടയാനും കളക്ഷൻ വർദ്ധിപ്പിക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ബില്ലാണിത്. 40 ലക്ഷം രൂപവരെ ടേണോവർ ഉള്ള വ്യാപാരികൾ മാസത്തിലൊരിക്കൽ ടേണോവർ ടാക്സ് നൽകണ മെന്നുള്ളതാണ് ഭേദഗതി. ഇനി മാർച്ച്, ഏപ്രിൽ മാസങ്ങളേ റിട്ടേൺസ് നൽകാൻ ബാക്കിയുള്ളൂവെങ്കിലും മുൻമാസങ്ങളിൽ നികുതി വെട്ടിപ്പ് നടത്തിയ വ്യാപാരികളിൽ നിന്നും വൻ തുക ടാക്സായി ഈടാക്കാൻ ഈ നിയമം പാസ്സാക്കിയാൽ സാധിക്കും. അതുകൊണ്ട് ഈ ബിൽ ഉടനടി നടപ്പിലാക്കണം.

**<u>ശ്രീ. ടി.പി. രാമകൃഷ്ണൻ:</u>** സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വാല്യു ആഡഡ് ടാക്സ് ഇൻഡ്യയിൽ നടപ്പിലാക്കുമ്പോൾ ഈ ബില്ലിന്റെ പ്രസക്തി നഷ്ടപ്പെടും. ഈ നിയമത്തിന്റെ മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന സാധനങ്ങൾ വ്യാപാരം നടത്തുന്ന വ്യാപാരികൾക്ക് റിട്ടേൺസസ് നല്കുന്നതിനുള്ള വ്യവസ്ഥ ഈ ബില്ലിലൂടെ ഗവൺമെന്റ് ഒഴിവാക്കിയിരിക്കുന്നു. 15 ലക്ഷം രൂപവരെയും 40 ലക്ഷം രൂപവരെയും വിറ്റുവരവുള്ള വ്യാപാരികൾ നൽകുന്ന സ്റ്റേറ്റുമെന്റുകൾ അതേപടി നിലനിറുത്താനും 20 ശതമാനം സ്റ്റേറ്റുമെന്റുകൾ തെരഞ്ഞെടുത്ത് അന്വേഷണം നടത്താനും ഡെപ്യൂട്ടി കമ്മീഷണർക്ക് ഈ ബില്ലിൽ അധികാരം നൽകിയിരിക്കുന്നു. ഈ 20 ശതമാനം കേസുകൾ തെരഞ്ഞെടുക്കുന്നതിന്റെ അടിസ്ഥാനം വ്യക്തമാക്കണം. ആഡിറ്റിംഗിൽ റാന്റം ചെക്കിംഗിനുപകരം ഡെപ്യൂട്ടി കമ്മീഷണർ നിർദ്ദേശിക്കുന്ന കേസ്സുകൾ പരിശോധിക്കുന്ന സമീപനത്തിൽനിന്നും ഗവൺമെന്റ് പിൻമാറണം. ഡെപ്യൂട്ടി കമ്മീഷണർക്ക് 20 ശതമാനം കേസ്സുകൾ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം നൽകുന്നത് സർക്കാരിനോട് വിധേയത്വമുള്ള വൻകിട കച്ചവടക്കാരെ സഹായിക്കാനും ചെറുകിട കച്ചവടക്കാരെ പീഡിപ്പിക്കാനും ഇടനൽകും. ചെക്കിംഗ് നടത്തി നികുതി വെട്ടിപ്പ് കണ്ടെത്തിയാൽ ഭേദഗതി നിയമത്തിലുള്ള വ്യവസ്ഥയുടെ ആനുകൂല്യം നിഷേധിക്കുന്നത് ശരിയല്ല. അബ്കാരി രംഗം അഴിമതിയിൽ മുങ്ങിയിരിക്കുകയാണ്. മദ്യവില്പനയിൽനിന്നുള്ള വരുമാനം വർദ്ധിച്ചതനുസരിച്ച് നികുതി പിരിവ്

കൂടിയിട്ടില്ല എന്നതിനാൽ ഈ ഇനത്തിലുള്ള നികുതി കർശനമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന് നികുതി നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കണം. വൻകിടക്കാരെ രക്ഷിക്കുന്നതിനുപകരം സാധാരണക്കാരെയും ചെറുകിടക്കാരെയും ഗവൺമെന്റ് സഹായിക്കണം. വാല്യു ആഡഡ് ടാക്സ് നടപ്പിലാക്കാൻ പോകുന്നതിനാൽ ഈ ബിൽ പിൻവലിക്കാൻ ധനകാര്യമന്ത്രി തയ്യാറാകണം.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ):** ഓർഡിനൻസ് നിയമമാക്കാൻ വേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. നികുതി വെട്ടിപ്പ് നടത്തുന്ന കച്ചവടക്കാരെ കണ്ടെത്തി നികുതി പിരിക്കാനും പിഴ ഈടാക്കാനുമുള്ള വകുപ്പുകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെക്കാൾ 40 ശതമാനം കൂടുതൽ നികുതിവെട്ടിപ്പ് ഈ വർഷം കണ്ടുപിടിക്കപ്പെട്ടു. ഈ വർഷത്തെ നികുതി പിരിവിന്റെ ടാർജറ്റ് 5600 കോടി രൂപയാണ്. അതിൽ 80 ശതമാനവും പിരിച്ചെടുത്തു കഴിഞ്ഞു. ടാർജറ്റ് മുഴുവൻ പിരിച്ചെടുക്കാനുള്ള ഊർജ്ജിത പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ചെക്ക്പോസ്റ്റുകളിലെ നികുതിവരുമാനം എട്ടിരട്ടിയോളമായി വർദ്ധിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല. എല്ലാ രംഗത്തും ചെലവ് കുറച്ചു കൊണ്ട് കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റിലൂടെ റെവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ ഈ സർക്കാരിന് കഴിഞ്ഞു. 2005 ആകുമ്പോൾ റെവന്യൂ കമ്മി സീറോ പോയിന്റിൽ എത്തിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. എക്സ്പെൻഡിച്ചറിന്റെ കാര്യത്തിലും പ്ലാനിംഗിന്റെ കാര്യത്തിലും ഈ

ഗവൺമെന്റ് വളരെ ശ്രദ്ധ ചെലുത്തുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കാനുള്ള പഴയ കുടിശ്ശികയിനത്തിൽ 650 കോടി രൂപയും ഈ വർഷത്തെ മൂന്നു ഗഡുക്കളും ട്രഷറിനിയന്ത്രണങ്ങൾക്ക് വിധേയമാക്കാതെ കൊടുത്തു കൊണ്ട് ഈ ഗവൺമെന്റ് വികസനരംഗത്ത് പ്രത്യേക ശ്രദ്ധ ചെലുത്തുകയാണ്. ഈ വർഷത്തെ പ്ലാൻ 4026 കോടി രൂപയാണ്. പ്ലാൻ ഫണ്ടിന്റെ 80 ശതമാനത്തിനുമേൽ ഈ വർഷം ചെലവാക്കുമെന്ന് ഈ സർക്കാരിന് ഉറപ്പുണ്ട്.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്ക പ്പെടുകയോ ചെയ്തു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്ക് എടുത്തു.

**<u>രണ്ടാം വകുപ്പ്</u>**

**ശ്രീ. ടി.കെ.ദേവകുമാർ**: 99, 138 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(ചർച്ച അടുത്ത ദിവസം തുടരും)

സഭ ഉച്ചയ്ക്കുശേഷം 1.30-ന് പിരിഞ്ഞു.